**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1440** **14-03-2022 - ൽ മറുപടിയ്ക്ക്**

**പട്ടയത്തിന്റെ പകർപ്പ് ലഭ്യമാക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോബ് മൈക്കിൾ | | null<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കാലപ്പഴക്കം വന്ന പട്ടയം സംബന്ധിച്ച ആധികാരിക രേഖ ബന്ധപ്പെട്ട ഓഫീസുകളിൽ നിന്ന് സാധാരണ ജനങ്ങൾക്ക് ലഭിക്കാത്തത് മൂലമുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വർഷങ്ങൾക്ക് മുമ്പ് സർക്കാർ അനുവദിച്ച പട്ടയത്തിന്റെ പകർപ്പ് ലഭ്യമാക്കുന്നതിന് നിലവിൽ എന്തെല്ലാം സംവിധാനങ്ങളാണ് ഉള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 1964 മുതലുള്ള പട്ടയ രേഖകളാണ് സൂക്ഷിക്കുന്നത്. ഇത്രയും പഴക്കമുള്ള രേഖകൾ ആയത് കൊണ്ട് തന്നെ കാലപഴക്കത്താൽ പലതും നശിച്ച് പോയിട്ടുമുണ്ട്. ഈ സാഹചര്യങ്ങളിൽ ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് പട്ടയ കോപ്പി നഷ്ടപ്പെട്ടുപോയാൽ ടി പട്ടയം അനുവദിച്ച കേസ് റിക്കോർഡ്/ഉത്തരവ് /രജിസ്റ്ററുകളിലെ രേഖപ്പെടുത്തൽ എന്നിവയിലേതെങ്കിലും ഉണ്ടെങ്കിൽ ആയതിന്റെ അടിസ്ഥാനത്തിൽ പട്ടയം പുന:സൃഷ്ടിച്ച് ആയതിന്റെ സർട്ടിഫൈഡ് കോപ്പി നിലവിൽ കക്ഷികൾക്ക് അനുവദിച്ച് വരുന്നു. മേൽ പറഞ്ഞ യാതൊരു രേഖകളും ലഭ്യമല്ലാത്തവരുടെ കേസിൽ പട്ടയ പകർപ്പ് നൽകാനും ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാനുള്ള നടപടികൾ പരിശോധിച്ച് വരുന്നു . |
| (ബി) | പട്ടയം ഉൾപ്പെടെയുള്ള റവന്യൂ രേഖകൾ ഡിജിറ്റൈസ് ചെയ്ത് അതാത് താലൂക്കുകളിൽ സൂക്ഷിച്ചിട്ടുണ്ടോ; ആയതിന്റെ പകർപ്പ് പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിന് സംവിധാനമുണ്ടോ എന്ന് വ്യക്തമാക്കുമോ; | (ബി) | ഡിജിറ്റൈസ് ചെയ്ത് സൂക്ഷിക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഒന്നാം ഘട്ടം പൂർത്തിയായിട്ടുണ്ട്. ഡിജിറ്റൈസ് ചെയ്യുന്ന രേഖകളുടെ പകർപ്പുകൾ പൊതു ജനങ്ങൾക്ക് നൽകാവുന്നതാണ് . |
| (സി) | ചേർത്തല താലൂക്കിൽ കൊക്കോതമംഗലം വില്ലേജിൽ 1975/3117(സി) മുതൽ വശം 1977-637 നമ്പർ ക്രയ സർട്ടിഫിക്കറ്റ്/പട്ടയത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ? | (സി) | ചേർത്തല ലാൻഡ് ട്രിബ്യൂണൽ റെക്കോർഡ് റൂമിൽ പഴയ കാലത്തു ഉണ്ടായിരുന്നതും പിന്നീട് നിർത്തലാക്കിയതുമായ നിരവധി ലാൻഡ് ട്രിബ്യൂണലുകളുടെ പട്ടയ രേഖകൾ സൂക്ഷിക്കുന്നുണ്ട് . ഇതിൽ ഏതു ലാൻഡ് ട്രിബ്യൂണലിൽ നിന്ന് അനുവദിച്ചതാണ് പരാമർശ വിഷയമായ ക്രയ സർട്ടിഫിക്കറ്റ് എന്ന് പ്രതിപാദിച്ചിട്ടില്ല . 1975- 77 കാലയളവിലെ പട്ടയം ഇഷ്യൂ രജിസ്റ്റർ റെക്കോർഡ് റൂമിൽ ലഭ്യമല്ല . പട്ടയങ്ങൾക്കു OA, SM എന്നിങ്ങനെ നമ്പറുകൾ വർഷാടിസ്ഥാനത്തിൽ നല്കിയിരിക്കും . അത് കൊണ്ട് തന്നെ ഈ നമ്പറുകളുടെ |

| | | | |
|---|---|---|---|
| | | | അടിസ്ഥാനത്തിലാണ് റെക്കോർഡിൽ കേസ് ഫയൽ അടുക്കി വച്ചിരിക്കുന്നത് . പരാമർശ ചോദ്യത്തിൽ OA, SM നമ്പറുകൾ സൂചിപ്പിച്ചിട്ടില്ലാത്തതിനാൽ ഫയൽ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല എന്നും പരാമർശ ക്രയ സർട്ടിഫിക്കറ്റ് ഏതു ലാൻഡ് ട്രിബ്യൂണലിൽ നിന്നും അനുവദിച്ചതാണെന്നും അതിന്റെ OA, SM നമ്പറുകൾ ഏതാണെന്നും ഉള്ള വിവരങ്ങൾ നൽകിയാൽ ആ വിവരങ്ങൾ അടിസ്ഥാനമാക്കികൂടി റെക്കോർഡിൽ പരിശോധിക്കാവുന്നതാണ് . |

സെക്ഷൻ ഓഫീസർ